ഞാനൊരിക്കൽ ഞാനൊരിക്കൽ

എത്തുമെൻറെ നാട്ടിൽ

ഞാനൊരിക്കൽ എത്തും ഒട്ടും

കണ്ണീരില്ലാ വീട്ടിൽ

എൻ കർത്താവിൻറെ വീട്ടിൽ –2 ഞാനൊരി.....

തീരും എൻറെ യാത്രയുടെ ക്ളേശമെല്ലാം തീരും –2

ചേരും ഞാനെൻ പ്രിയതമൻറെ വീട്ടിൽ ചെന്നുചേരും –2

ദൂരമധികമില്ലിനി–നേരമധികമില്ലിനി –2

കുരിശെടുത്തു പോകുമെൻ തീർത്ഥയാത്ര തീർന്നിടും

നാട്ടിൽ ചെന്നു ചേർന്നിടും –2 ഞാനൊരി....1

അല്ലിലും പകലിലും വൻ ശോധനകളുണ്ട് –2

അല്ലലെനിക്കാരുമറിയാത്തവയിന്നുണ്ട് –2

അന്നതെല്ലാം തീർന്നിടും കണ്ണുനീരു തോർന്നിടും –2

അല്ലലെല്ലാം ഓടിടും ഹല്ലേലുയ്യാ പാടിടും

വിരുതുകൾ ഞാൻ നേടിടും –2 ഞാനൊരി...1

വീടൊരു കൂടാരമാകും ഭൗമഭവനമിന്നു –2

കൈപ്പണിയല്ലാത്ത ദിവ്യ നിത്യഭവനമന്ന് –2

ഇന്നിഹത്തിലന്യനാം–വിണ്ണിലെത്തി ധന്യനാം –2

ഇന്നു കണ്ണുനീരിൻറെ താഴ്വരയിൽ തുടരുന്നു

ഹൃദിപ്രത്യാശ വിടരുന്നു –2 ഞാനൊരി....2

Njanorikkal njanorikkal

ethumente nattil

njanorikkal ethumottum

kannerilla vettil

en karthavinte vettil

njanori……

theerum ente yathrayute kleshamellam theerum

cherum njanen priyathamante vettil chennucherum

dooramadhikamillini neramadhikamillini

kurisheduthu pokumen

theerthayathra theernnidum

nattil chennu chernnidum

njanori….

allilum pakalilum van shodhanakalundu

allalenikkarumariyathavayinnuntan

annathellam theernidum kannuneeru thornnidum

allalellam odidum halleluyyaa paadidum

viruthukal njan nedidum

njanori…

veedoru koodaramakum bhaumabhavanaminnu

kaippaniyallatha divya nithyabhavanaman

innihathilanyanamvinnilethi dhanyanam

innu kannunerinte thazhvarayil thudarunnu

hrdiprathyasa vidarunnu

njanori….